**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 181** **15-10-2024 - ൽ മറുപടിയ്ക്ക്**

**കോസ്റ്റൽ ക്രൂയിസ് ഷിപ്പിങ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ തുറമുഖങ്ങളെ ബന്ധിപ്പിച്ച് കോസ്റ്റൽ ക്രൂയിസ് ഷിപ്പിങ് പദ്ധതി നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; | (എ) | സംസ്ഥാനത്തെ വിവിധ തുറമുഖങ്ങളെ ബന്ധിപ്പിച്ച് കോസ്റ്റൽ ക്രൂയിസ് ഷിപ്പിംഗ് പദ്ധതി നടപ്പിലാക്കുന്നതിന് താല്പര്യമുള്ള ഏജൻസികളിൽ നിന്നും താൽപര്യപത്രം ക്ഷണിച്ചുകൊണ്ട് 21.06.2024 ൽ വിവിധ പത്രങ്ങളിൽ പരസ്യം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതിനായി മാരിടൈം ബോർഡ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തെ വിവിധ തുറമുഖങ്ങളെ ബന്ധിപ്പിച്ച് കോസ്റ്റൽ ക്രൂയിസ് ഷിപ്പിംഗ് പദ്ധതി നടപ്പിലാക്കുന്നതിന് താല്പര്യമുള്ള ഏജൻസികളിൽ നിന്നും താൽപര്യപത്രം ക്ഷണിച്ചുകൊണ്ട് 21.06.2024 ൽ വിവിധ പത്രങ്ങളിൽ പരസ്യം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കേരളത്തിൽനിന്നും ഗൾഫ് മേഖലകളിലേക്ക് യാത്രാക്കപ്പൽ സർവീസ് നടത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | കേരളത്തിൽ നിന്ന് ഗൾഫ് മേഖലയിലേക്ക് യാത്രാ കപ്പൽ സർവീസ് നടത്താൻ നടപടി സ്വീകരിച്ചു വരികയാണ്. ഇതിന്റെ ഭാഗമായി 07/03/2024 ൽ ഒരു താൽപര്യപത്രം ക്ഷണിക്കുകയും താല്പര്യം അറിയിച്ച് പ്രൊപ്പോസൽ സമർപ്പിച്ച നാല് കമ്പനികളിന്മേൽ വിശദമായ പരിശോധനയും ചർച്ചയും ശേഷം രണ്ട് കമ്പനികളോട് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ നിർദേശിച്ചിട്ടുണ്ട്. വൈറ്റ് സി ഷിപ്പിംഗ് ലൈൻസ് പ്രൈവറ്റ് ലിമിറ്റഡ്, ചെന്നൈ, ജബൽ വെഞ്ചേഴ്‌സ് പ്രൈവറ്റ് ലിമിറ്റഡ്, കോഴിക്കോട് എന്നീ കമ്പനികളാണ് ചർച്ചയ്ക്ക് മുന്നോട്ടുവന്നത്. ഇത് സംബന്ധിച്ച് ഷിപ്പിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ പ്രതിനിധികളുമായി ചർച്ച നടത്തുകയും അവരുടെ നിർദ്ദേശ പ്രകാരം ഷിപ്പിംഗ് കമ്പനികളോട് ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ് മുമ്പാകെ സർവീസ് നടത്തുവാൻ |

| | | | |
|---|---|---|---|
| | | | ഉദ്ദേശിക്കുന്ന കപ്പലിന്റെ വിശദാംശങ്ങൾ അടക്കം അനുമതിക്കായി അയക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി കൂടുതൽ സമയം വേണമെന്ന് വൈറ്റ് സി ഷിപ്പിംഗ് പ്രൈവറ്റ് ലിമിറ്റഡ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ